**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **16-09-2025 - ൽ മറുപടിയ്ക്ക്**

**വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ആരോഗ്യവകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | വടകര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .<br><br>വടകര ജില്ലാ ആശുപത്രിയിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം, പീഡിയാട്രിക് ഐസിയു നിർമ്മാണം, പി.എം.ജെ.വി.കെ പദ്ധതി പ്രകാരം 40 ഡയാലിസിസ് മെഷീൻ വാങ്ങൽ, NHM ഫണ്ട് ഉപയോഗിച്ച് മെറ്റേണിറ്റി വിഭാഗം മികവ് വർദ്ധിപ്പിക്കൽ, ജെറിയാട്രിക് വാർഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ പി.എം.ജെ.വി.കെ പദ്ധതി പ്രകാരം പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച കിട്ടിയിട്ടുണ്ട്.<br><br>മടപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ റീ ബിൽഡ് കേരള ഫണ്ട് (50,00,000/-രൂപ) ഉപയോഗിച്ച് ഒ.പി. കെട്ടിടത്തിന്റെ മുകളിൽ ബിൽഡിംഗ് നിർമ്മിച്ചിട്ടുണ്ട് .<br><br>സി.എച്ച്.സി ഓർക്കാട്ടേരിയിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1.79 കോടി രൂപ (50% MLA&50%KIIFB) വകയിരുത്തി ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.<br><br>ദേശീയാരോഗ്യ ദൗത്യം മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും | (ബി) | ചോറോട് കുടുംബാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി സംസ്ഥാന ബഡ്ജറ്റ് 2025-26 ൽ അൻപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു |

| | | | |
|---|---|---|---|
| | പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ; | | മടപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി 2023-24 ബജറ്റിൽ ഒരു കോടി രൂപ വകയിരു ത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണവകുപ്പിന്റെ എഞ്ചിനിയറിങ് വിഭാഗത്തിൽ നിന്നും prior sanction വേണ്ടി പൊതുമരാമത്ത് വകുപ്പിൽ അയച്ചിട്ടുണ്ട്.<br><br>ഓർക്കാട്ടേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ഒ.പി കൺസൾട്ടേഷൻ റൂം, ഫാർമസി, ലബോറട്ടറി, ഇ.സി.ജി, എക്സ്-റേ ഉൾപ്പെടെ വിവിധ സേവനങ്ങൾ ലഭ്യമാക്കാൻ പുതിയ രണ്ടു നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു. 5.6 കോടി രൂപ വകയിരുത്തിയ പ്രസ്തുത നിർമ്മാണ പ്രവർത്തിയുടെ ഭാഗമായി പുതിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വടകര ജില്ലാ ആശുപത്രിയിലെ ജെറിയാട്രിക് വാർഡ് നിർമ്മാണം (50 ലക്ഷം രൂപ) പ്രവൃത്തി പൂർത്തീകരിച്ച് വരുന്നു (90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് ) ) . |
| (സി) | ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ചോറോട് കുടുംബാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണം (അൻപത് ലക്ഷം രൂപ)<br><br>മടപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണം (ഒരു കോടി രൂപ) ഒ.പി കെട്ടിടത്തിന് മുകളിലെ ബിൽഡിംഗ് നിർമ്മാണം (50,00,000/- രൂപ) (റീ ബിൽഡ് കേരള ഫണ്ട്)<br><br>ഓർക്കാട്ടേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണം (5.6 കോടി രൂപ) ,ഐസൊലേഷൻ വാർഡ് (1.79 കോടി രൂപ)<br><br>വടകര ജില്ലാ ആശുപത്രിയിലെ<br><br>1. നബാർഡ് ബിൽഡിംഗ് -13.70 കോടി രൂപ<br><br>2. പീഡിയാട്രിക് ഐസിയു {38.27 ലക്ഷം രൂപ + 84.52 ലക്ഷം രൂപ (ഉപകരണങ്ങൾ)}<br><br>3. പി.എം.ജെ.വി.കെ പുതിയ കെട്ടിട ഫണ്ട് അനുവദിച്ചത് - 83.1823 കോടി രൂപ (കേന്ദ്ര വിഹിതം - 49.9094 കോടി രൂപ, സംസ്ഥാന വിഹിതം - 33.2729 കോടി രൂപ)<br><br>4. പി.എം.ജെ.വി.കെ -4 0ഡയാലിസിസ് മെഷീൻ (2.11 കോടി രൂപ)<br><br>5. മെറ്റേണിറ്റി വിഭാഗം മികവ് വർദ്ധിപ്പിക്കൽ -267.43 ലക്ഷം രൂപ (എൻ.എച്ച്.എം ഫണ്ട്) |

| | | | |
|---|---|---|---|
| | | | 6. ജെറിയാട്രിക് വാർഡ് - 50 ലക്ഷം രൂപ (എൻ.എച്ച്.എം-ആർ.ഒ.പി) |
| (ഡി) | ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്രസംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും അറിയിക്കുമോ; | (ഡി) | വടകര ജില്ലാ ആശുപത്രിയിലെ പി.എം.ജെ.വി.കെ പുതിയ കെട്ടിട ഫണ്ട് അനുവദിച്ചത് - 83.1823 കോടി രൂപ (കേന്ദ്ര വിഹിതം-49.9094 കോടി രൂപ, സംസ്ഥാന വിഹിതം-33.2729 കോടി രൂപ).<br><br>പി.എം.ജെ.വി.കെ -40ഡയാലിസിസ് മെഷീൻ - 2.11 കോടി രൂപ (60% കേന്ദ്ര വിഹിതം, 40% സംസ്ഥാന വിഹിതം) |
| (ഇ) | ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്നുള്ള വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ? | (ഇ) | അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷം രൂപയിൽ | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ജില്ലാ ആശുപത്രി വടകരയിൽ മെറ്റേണിറ്റി വിഭാഗത്തിന്റെ ശാക്തീകരണം | 267.43 | 267.43 | പൂർത്തീകരിച്ചു |
| 2 | ജില്ലാ ആശുപത്രി വടകരയിൽ പീഡിയാട്രിക് എച്ച്.ഡി.യു & ഓക്സിജൻ വാർഡ് സജ്ജീകരണം | 38.27 | 38.27 | പൂർത്തീകരിച്ചു |
| 3 | ജില്ലാ ആശുപത്രി വടകരയിൽ ജെറിയാട്രിക് വാർഡ് സജ്ജീകരണം | 50 | 22 | 95% പ്രവർത്തിപൂർത്തീകരിച്ചു. 30.10.2025 ഓടു കൂടി പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | ജനകീയ ആരോഗ്യകേന്ദ്രം കുന്നുമ്മക്കരക്ക് പുതിയ കെട്ടിട നിർമാണം | 67 | 67 | പൂർത്തീകരിച്ചു |
| 5 | സബ്സെന്റർ കോറോത്ത്റോഡ് ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 7 | 7 | പൂർത്തീകരിച്ചു |
| 6 | സബ്സെന്റർ ഊരാളുങ്കൽ ജനകീയ ആരോഗ്യകേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 7 | 7 | പൂർത്തീകരിച്ചു |
| 7 | സബ്സെന്റർ വെള്ളികുളങ്ങര ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 7 | 7 | പൂർത്തീകരിച്ചു |
| 8 | സബ്സെന്റർ ഏരപുരം ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 7 | 7 | പൂർത്തീകരിച്ചു |
| 9 | സബ്സെന്റർ വൈക്കിലശ്ശേരി ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 7 | 7 | പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ

**അനുബന്ധം (II)**

| ക്രമ നം | പൂർത്തീകരിച്ച പദ്ധതി വിശദാംശം | തുക (ലക്ഷം രൂപയിൽ) | പൂർത്തീകരിച്ച വർഷം |
|---|---|---|---|
| 1 | മടപ്പള്ളി കെട്ടിട നിർമാണം -റീ ബിൽഡ് കേരള ഫണ്ട് | 50 | 2024 |
| 2 | ഓർക്കാട്ടേരി ഐസൊലേഷൻ വാർഡ് | 179 | 2023 |
| 3 | വടകര ജില്ലാ ആശുപത്രി മെറ്റേർണിറ്റി വിഭാഗം മികവ് വർധിപ്പിക്കൽ | 267.43 | 2025 |
| 4 | വടകര ജില്ലാ ആശുപത്രി നബാർഡ് ബിൽഡിംഗ് | 1370 | 2022 |
| 5 | വടകര ജില്ലാ ആശുപത്രി പീഡിയാട്രിക് ഐസിയു+ഉപകരണങ്ങൾ | 38.27 + 84.52 | 2022 |
| | **ആകെ തുക** | **1989.22** | |

സെക്ഷൻ ഓഫീസർ